മൂന്ന് വർഷങ്ങൾക്ക് ശേഷം ഒരു ഗൗതം വാസുദേവ് മേനോൻ പടം തിയറ്ററുകളിൽ. മിന്നലേ എന്ന തന്റെ ആദ്യ ചിത്രം മുതൽ സ്വന്തമായ ഒരു genre തന്നെ സൃഷ്ടിച്ച സംവിധായകൻ എന്ന് പറയാം GVM നെ. Boy next door എന്ന പ്രതീതി ജനിപ്പിക്കുന്ന നായകനും, അവന്റെ അനുരാഗവും, ഏതൊരു ആണിനും റിലേറ്റ് ചെയ്യാൻ കഴിയുന്ന ഇത് താനല്ലേ എന്ന് തോന്നിപ്പിക്കാൻ കഴിയുന്ന കഥാമുഹൂർത്തങ്ങൾ അണിനിരത്തുന്ന, ഹൃദയം കവരുന്ന സംഗീതവും, അർത്ഥമുള്ള വരികളും സംഭാഷണങ്ങളും കൊണ്ട് അടയാളപ്പെടുത്തുന്ന, കവിത പോലുള്ള ദൃശ്യഭാഷ ഒരുക്കുന്ന സംവിധായകൻ. വോയിസ് ഓവർ നരേട്ടീവുകളിലൂടെയാണ് GVM തന്റെ കയ്യൊപ്പ് സിനിമകളിൽ ചാർത്താറുള്ളത്.

2016ൽ ഇറങ്ങിയ അച്ചം എമ്പതു മടമയ്യടാ ആയിരുന്നു ഗൗതമിന്റെ അവസാന റിലീസ്. അതിന് ശേഷം എന്നൈ നോക്കി പായും തോട്ട അനൗൺസ് ചെയ്തു. ഷൂട്ടിങ് ആദ്യ schedule കഴിഞ്ഞ സമയത്തും സംഗീതം ചെയ്യുന്നത് ആരെന്ന് തീരുമാനം ആകാത്തത് വലിയ ഊഹാപോഹങ്ങൾക്ക് വഴി തെളിച്ചു. റഹ്മാൻ ആകുമോ സംഗീതം അതോ വഴക്കിട്ടു പിരിഞ്ഞ ഹാരിസ് ജയരാജുമായി വീണ്ടും ഒന്നിക്കുമോ അതോ ഇസൈജ്ഞാനിയുമായി വീണ്ടും ഒരിക്കൽ കൂടി ചേരുമോ, ഈ ചോദ്യങ്ങൾ ഉയർന്നു വന്നപ്പോൾ ഗൗതം Mr X എന്ന പർദ്ദയണിയിച്ചു കൊണ്ട് സിനിമയിലെ ആദ്യത്തെ പാട്ട് പുറത്തിറക്കി. മറുവാർത്തൈ പേസാതെ എന്ന ഗാനം ഒരു വൈറൽ ഹിറ്റായി മാറി. പക്ഷേ അധികം വൈകാതെ സിനിമ പ്രശ്നങ്ങളിലേക്ക് വീണു. ഷെഡ്യൂൾ മുടക്കം, GVM ധ്രുവനക്ഷത്രം വിവാദങ്ങൾ, പിന്നീട് ചിയാനെ വച്ചുള്ള ഷൂട്ടിങ് അങ്ങനെ പല കാര്യങ്ങൾ കാരണം ENPT പെട്ടിയിൽ ഇരുന്ന് പൊടി പിടിയ്ക്കാൻ തുടങ്ങി. പല തവണ സിനിമ വെള്ളത്തിൽ മുങ്ങി ചാകാൻ പോകുന്നവൻ കാലിട്ടടിച്ചു പൊന്തുന്നത് പോലെ പൊങ്ങി വന്നു. രണ്ടാമത്തെ പാട്ടിറങ്ങി, ഹിറ്റായി. സംഗീതം ചെയ്യുന്നത് ദർബുക ശിവ ആണെന്ന് വെളിപ്പെടുത്തി. ടീസർ, ട്രൈലെർ ഒക്കെ എത്തി. എന്തിന് റിലീസ് ഡേറ്റുകൾ വരെ. നാളെ ഇറങ്ങും എന്ന് വരെ പറഞ്ഞിട്ടും പടം ഇറക്കാൻ പറ്റാത്തത്ര പ്രശ്നങ്ങളിൽ ഗൗതം പെട്ടു. ഒടുവിൽ സിനിമകളിലെ മൂന്നാം ആക്റ്റിൽ വരുന്ന രക്ഷകനെ പോലെ ഇശാരി ഗണേഷ് എത്തിയതോടെ സിനിമ തിയറ്ററിൽ എത്തി.

സ്ഥിരം GVM ശൈലികളിൽ ഒന്നായ മരണം മുഖാമുഖം കാണുന്ന നായകന്റെ അവസ്ഥയിൽ നിന്നുമാണ് കഥയുടെ തുടക്കം. പിന്നെ മറ്റൊരു GVM template ആയ voice over തുടങ്ങുന്നു. രഘു എന്ന നായകന്റെ voice over. കോളേജിൽ കമ്പ്യൂട്ടർ എഞ്ചിനിയറിങ് പഠിക്കുന്ന രഘു. അതേ അതും ഒരു GVM ആവർത്തനം ആണ്, ഇത്തവണ മെക്കാനിക്കൽ

അല്ലെന്ന് മാത്രം. അവിടെ സിനിമാ ഷൂട്ടിങ്ങിന് വരുന്ന നായിക. ആദ്യ നോട്ടത്തിലെ പ്രണയം. പാട്ട്. വീണ്ടും പാട്ട്. വില്ലൻ. വീട്ടിൽ കൊണ്ട് പോകൽ. പാട്ട്. വീണ്ടും വില്ലൻ. പിരിഞ്ഞു പോകൽ. പെട്ടെന്ന് വർഷങ്ങൾക്ക് ശേഷം അവളുടെ ഫോൺ കോൾ. വീണ്ടും സസ്പെൻസ്. ഇന്ററർവെൽ.

കഥാപരമായി അച്ചം എമ്പത് മടമയ്യടാ എന്നതിന് തുടർച്ചയെന്ന് തോട്ടയെ വിളിക്കാം. GVM സിനിമകളിൽ improbable എന്ന് പറയാവുന്ന ആദ്യ സിനിമ AYM ന്റെ രണ്ടാം പകുതി ആയിരുന്നെങ്കിൽ (AYM രണ്ടു സിനിമകൾ ഏച്ചു കെട്ടിയത് പോലെയാണ് തോന്നിയത് ), ENPT അതിനെ ഒരു ലെവൽ കൂടി മുകളിലേയ്ക്ക് കൊണ്ട് പോകുന്നു. ലോജിക്ക് ഒക്കെ സ്വാഹാ ആണ്. വല്ലാത്ത അവിശ്വസനീയത കടന്ന് കൂടി. പലതും overdose ആണ്. Voice over ഉൾപ്പടെ. ധനുഷ് തന്റെ മുഴുവൻ ഊർജ്ജവും നൽകിയിട്ടുണ്ട്. മേഘ ആകാശിനെ കാണാൻ ശരിക്കും divine തന്നെ. പാട്ടുകളും നന്നായിട്ടുണ്ട്. ജോമോൻ, മനോജ് പരമഹംസ എന്നിവരുടെ ദൃശ്യങ്ങൾ മനോഹരമാണ്. ലൈറ്റിങ് മികച്ചത്. പ്രവീൺ ആന്റണി എഡിറ്റിംഗ്. പക്ഷേ പശ്ചാത്തല സംഗീതം സ്ഥിരം GVM നിലവാരം പുലർത്തിയില്ല. പ്രണയം, നായികാനായകന്മാരുടെ കെമിസ്ട്രി ഒക്കെ നന്നായി. സ്റ്റണ്ടുകൾ പ്രത്യേകിച്ച് ലിഫ്റ്റിൽ ഉള്ള ഫൈറ്റ് നന്നായിട്ടുണ്ട്.

GVM സിനിമകളിൽ ഏറ്റവും നിലവാരം കുറവെന്ന് തന്നെ ചിത്രത്തെക്കുറിച്ചു പറയാം. ഒഴുക്കുള്ള ഒരു തിരക്കഥ ഒരുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. അനാവശ്യമായ വലിച്ചു നീട്ടലുകളും over complicated കഥയും ഒക്കെ പോരായ്മകൾ. എങ്കിലും GVM തിരിച്ചു വരുന്നു എന്നത് ശുഭവാർത്ത തന്നെയാണ്. പ്രശ്നങ്ങളുടെ ഭാരം ഒഴിയുമ്പോൾ മികച്ച സിനിമകൾ ഒരുക്കാൻ അദ്ദേഹത്തിന് ഇനിയും കഴിയും.

റിവ്യൂ : Sajan Ramanandan